രിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കേരള സർവ്വകലാശാല കഴിഞ്ഞവർഷവും പുതിയ ബി.എഡ്. ട്രെയിനിംഗ് കോളേജുകൾക്കുവേണ്ടി ശുപാർശ ഒന്നും നൽകിയിരുന്നില്ല.

(ഇ) 1999-2000 അദ്ധ്യയനവർഷത്തേയ്ക്ക് കേരള സർവ്വകലാശാല ബി.എഡ്. ട്രെയിനിംഗ് കോളേജുകൾക്ക് ശുപാർശകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

60 (204) യു.ജി.സി. ശമ്പള സ്കെയിൽ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ യു.ജി.സി. ശമ്പള സ്കെയിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് യു.ജി.സി. സ്കെയിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനുവേണ്ടിവരുന്ന തുകയുടെ എത്ര ശതമാനമാണ് കേന്ദ്രം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ഇത് എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) 31.3.2000 വരെ അധിക സാമ്പത്തികബാദ്ധ്യതയുടെ 80% നൽകും.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

61 (205) ലക്ചറർ നിയമനം

ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഏതെല്ലാം വിഷയങ്ങളിൽ ലക്ചറർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണ്;

(സി) മലയാളം, ഹിന്ദി, സംസ്കൃതം, വേദാന്തം, സംസ്കൃത സാഹിത്യം എന്നീ വിഷയങ്ങളിൽ ലക്ചറർമാരായി നിയമിക്കപ്പെടുന്നതിന് നിലവിലുള്ള റാങ്ക് ലിസ്റ്റ് എന്ന് പ്രാബല്യത്തിൽ വന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മുസ്ലീം എന്നീ വിഭാഗങ്ങളിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly